**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3106 — 07.02.2018- ൽ മറുപടിയ്ക്ക്

**<u>കർഷകർക്ക് പട്ടയം അനുവദിക്കാനുള്ള നടപടി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ മലയോര മേഖലയിൽ പട്ടയത്തിന് അപേക്ഷിച്ച കർഷകർക്ക് പട്ടയം നൽകാൻ കേന്ദ്രാനുമതി ലഭിച്ച എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ;<br>(ബി) പ്രസ്തുത കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | തൃശ്ശൂർ ജില്ലയിലെ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് തൃശ്ശൂർ, ചാലക്കുടി, തലപ്പിള്ളി എന്നീ താലൂക്കുകളിലായി 7375 കൈവശക്കാരുടെ ലിസ്റ്റ് പ്രകാരമുള്ള 2726.3877 ഹെക്ടർ ഭൂമിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതാണ്. ഈ ലിസ്റ്റിൽ ഉൾപ്പെട്ട 5489 കക്ഷികളുടെ അപേക്ഷകൾ ലഭിച്ചതിൽ 31.12.2017 വരെ 4016 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. (ആയതിന്റെ വിസ്തീർണ്ണം 1186.3482 ഹെക്ടർ). ഇനി പട്ടയം നൽകുന്നതിന് 1473 അപേക്ഷകളാണ് ബാക്കിയുള്ളത്. (ആയതിന്റെ വിസ്തീർണ്ണം 1540.0395 ഹെക്ടർ) |
| (സി) തൃശ്ശൂരിൽ നിന്നും ലാന്റ് ട്രൈബ്യൂണൽ മുമ്പാകെ പട്ടയത്തിനായി എത്ര അപേക്ഷകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | തൃശ്ശൂർ ജില്ലയിൽ ലാൻഡ് ട്രൈബ്യൂണൽ മുൻപാകെ പട്ടയത്തിനായി 36156 അപേക്ഷകൾ നിലവിലുള്ളതാണ്. |
| (ഡി) പട്ടയം നൽകാമെന്ന് തെറ്റിദ്ധരിപ്പിച്ച് ചില കടലാസ് സംഘടനകൾ കർഷകരിൽ നിന്നും പണം പിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) വർഷങ്ങളായി ഭൂമി കൈവശം വച്ചനുഭവിക്കുന്ന കർഷകർക്ക് എത്രയുംവേഗം പട്ടയം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | വർഷങ്ങളായി വനഭൂമി കൈവശം വച്ചനുഭവിച്ച വരുന്നുവെങ്കിലും, വനഭൂമിയ്ക്ക് പട്ടയം അനുവദിക്കുന്നതിനായി വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്ക് ശേഷം കേന്ദ്രാനുമതിയും ലഭ്യമായാൽ മാത്രമെ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**